Sunday
Vol. 12 No. 40
CYCLE - A
വെർബും ദോമിനി
VERBUM DOMINI
ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ
2023 സെപ്റ്റംബർ 03

## ആണ്ടുവട്ടത്തിലെ ഇരുപത്തിരണ്ടാം ഞായർ

# "ചിന്ത ദൈവീകമാകട്ടെ"

ഫാ. ആന്റെണി കുഴിവേലിൽ



**ചാ**ഞ്ചാട്ടമുള്ള ജീവിതത്തിന്റെ ഉടമയാണ് പത്രോസ് എന്ന് വിശുദ്ധ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നുണ്ട്. ഒരിടത്ത് മഹത്വത്തിന്റെ വചനം പറയുമ്പോൾ മറ്റൊരിടത്ത് ഇടർച്ചയുടെ വാക്കുകൾ പറയുന്ന പത്രോസിനെ തന്റെ സഭയുടെ അടിസ്ഥാന ശിലയാക്കുന്ന പരിശീലന ഘട്ടത്തിലൂടെയാണ് സുവിശേഷം നമ്മെ നയിക്കുന്നത്.
പത്രോസാകുന്ന അടിസ്ഥാന ശിലയിൽ പണിതുയർത്താൻ പോകുന്ന സഭയുടെ വിശ്വാസ പ്രമാണത്തിന്റെ നാല് രഹസ്യങ്ങൾ ക്രിസ്തു പ്രിയ ശിഷ്യരുടെ മുമ്പിൽ വെളിപ്പെടുത്തുന്നു. ജറുസലേം പ്രവേശനവും, അതേ തുടർന്ന് സംഭവിക്കേണ്ട തന്റെ പീഢാസഹന മരണോത്ഥാനവും, ഇവ ഒരിക്കലും ശിഷ്യന്റെ ജീവിതത്തിൽ ഇടർച്ചയ്ക്ക് കാരണമാകരുതെന്ന് ക്രിസ്തു ആഗ്രഹിക്കുമ്പോഴും മഹത്വത്തിന്റെ മുഖമുള്ള ശിഷ്യ മനസ്സിന് സഹനത്തിന്റെ രൂപം ഉൾക്കൊള്ളാൻ കഴിയുന്നില്ല. ഇവിടെയാണ് ദൈവാത്മാവ് ഉള്ളവൻ സാത്താനായി അധ:പതിക്കുന്നത്.
നിനക്ക് ഇത് സംഭവിക്കാതിരിക്കട്ടെയെന്ന് പത്രോസ് പറയുമ്പോൾ, പുത്രൻ പീഢകൾ സഹിച്ച് മഹത്വപ്പെടുകയെന്ന പിതാവിന്റെ ഹിതത്തിന് എതിരായ ആഗ്രഹം കടന്നുവരുന്നു. ദൈവഹിതത്തിന് വിരുദ്ധമായതൊക്കെ സാത്താനാണ് എന്ന ഉത്തമമായ ബോധ്യമുള്ളിടത്ത് മാത്രമെ വ്യക്തമായ നിലപാട് രൂപപ്പെടുകയുള്ളൂ. ഈശോയെ സംബന്ധിച്ചിടത്തോളം പത്രോസ് പ്രിയ ശിഷ്യനാണ്. എന്നാൽ പ്രിയ ശിഷ്യൻ അവന് യോജിക്കാത്ത ചിന്തകൾക്ക് അടിമപ്പെടുമ്പോൾ പിറകോട്ടു മാറ്റി നിർത്തുന്ന ക്രിസ്തു നിലപാടുകൾ എടുക്കാൻ ക്ഷണിക്കുകയാണ് ചെയ്യുന്നത്. ഇന്ന് ആരോഗ്യകരമായ രീതിയിൽ തെറ്റുകൾ തിരുത്തുന്നവരുടെ എണ്ണം കുറഞ്ഞു വരികയും, ന്യായീകരണ തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നു. ദൈവീക ചിന്തകളെക്കാൾ മാനുഷിക ചിന്തകൾ പ്രബലപ്പെടുകയും, പിറകോട്ടു മാറ്റേണ്ടതിനെ മുന്നിലേക്ക് കൊണ്ടുവരികയും ചെയ്യുന്ന തകർച്ചയുടെ കാലഘട്ടത്തിൽ ജീവിക്കുന്ന നാം 'സാത്താൻ' എന്ന് അഭിസംബോധന ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. ആ വിളി കേൾക്കാനുള്ള സാമീപ്യം പോലും പലർക്കും നഷ്ടപ്പെട്ടിരിക്കുന്നു.
ജീവിത വിശുദ്ധീകരണത്തിന് പരമോന്നതനിൽ നിന്ന് നൽകപ്പെടുന്ന സഹനങ്ങളേക്കാൾ ഇന്ന് മനുഷ്യനിർമ്മിത സഹനങ്ങൾ വർദ്ധിച്ചു വരുന്നു. സഹനം ആസ്വാദകരമാകുന്നത് അതിനു പിന്നിൽ ദൈവഹിതമുണ്ടെന്ന തിരിച്ചറിവിൽ മാത്രമാണ്. ഓരോരുത്തർക്കും അനുയോജ്യമായ കുരിശുകൾ മാത്രമാണ് നൽകപ്പെട്ടിരിക്കുന്നത്. ആരെങ്കിലും ലഭിച്ചിരിക്കുന്ന കുരിശിന്റെ നീളം കുറയ്ക്കാനോ, മാറ്റി സ്വീകരിക്കാനോ ശ്രമിച്ചാൽ അവന് രക്ഷയുടെ പടവു കടക്കുവാൻ സാധിക്കുകയില്ല. കുരിശ് എടുത്ത് അനുഗമിക്കുക, കുരിശില്ലാതെ ക്രിസ്തുവിനെ അനുഗമിക്കാനും സാധിക്കില്ല.
കുരിശ് ഒഴിവാക്കുന്നവർ മുന്നിൽ കാണുന്ന താല്ക്കാലിക നേട്ടങ്ങളെ ശാശ്വതമാണെന്ന് തെറ്റിദ്ധരിക്കുന്നവരാണ്. ഭൂമിയിലെ സഹനങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുമ്പോൾ നഷ്ടപ്പെടുന്നത് വരുവാനിരിക്കുന്ന മഹത്വമാണെന്ന് പലപ്പോഴും നാം ചിന്തിക്കാറില്ല. ക്രിസ്തു നൽകിയ കുരിശുകൾ വഹിച്ചവരാണ് ഇന്ന് നിത്യതയിൽ വസിക്കുന്നതെന്ന ബോധ്യം നമുക്ക് അത്യാവശ്യമാണ്. ഈ ലോക ജീവിതങ്ങളെ അനുകരിക്കാനും, മഹത്വവത്ക്കരിക്കാനും ശ്രമിക്കുന്നവർ സ്വർഗ്ഗം ലക്ഷ്യമാക്കി ജീവിക്കുന്നവരെ അറിയുവാനും, അനുകരിക്കുവാനും മക്കളെ പഠിപ്പിക്കുന്ന കാലഘട്ടത്തിലേക്ക് തിരികെ നടക്കേണ്ടിയിരിക്കുന്നു. ആത്മാവിനെ നഷ്ടപ്പെടുത്തി ലോകത്തെ കീഴടക്കുവാൻ ഓടുന്നവർ ഈ ലോക നേട്ടങ്ങളുടെ പിന്നിലെ യഥാർത്ഥ ശക്തിയെ തിരിച്ചറിഞ്ഞ്, ഇന്ന് മുന്നിലായിരിക്കുന്നവയെ പിന്നിലേക്ക് മാറ്റിയില്ലായെങ്കിൽ ഈ ലോക ജീവിതം കൊണ്ട് ഒരു പ്രയോജനവുമില്ലായെന്ന യാഥാർത്ഥ്യം നാം ഉൾക്കൊള്ളുക.

## ആമുഖം

പ്രിയമുള്ളവരെ, യേശുനാഥൻ തന്റെ പീഢാസഹന - മരണ - ഉത്ഥാനങ്ങളെക്കുറിച്ച് ശിഷ്യന്മാരെ അറിയിക്കുന്ന സുവിശേഷഭാഗമാണ് നാം ഇന്ന് ധ്യാനിക്കുക. വീണ്ടും യേശു അവരോടു പറയുന്നു: "ആരെങ്കിലും എന്നെ അനുഗമിക്കുന്നുവെങ്കിൽ സ്വന്തം കുരിശുമെടുത്ത് എന്നെ അനുഗമിക്കുക." ജീവിതയാത്രയിൽ സഹനങ്ങളെ മാറ്റി നിർത്താതെ, അവയെ യേശുവിന്റെ കുരിശോട് ചേർത്തുവയ്ക്കാൻ സാധിച്ചാൽ തീർച്ചയായും നമുക്കും അവിടുത്തോടൊപ്പം ഉയിർത്തെഴുന്നേൽക്കാൻ സാധിക്കും. എല്ലാം നേടുവാനുള്ള നെട്ടോട്ടത്തിനിടയിൽ സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ നേടിയതൊന്നും ആസ്വദിക്കാൻ സാധിക്കില്ല എന്നൊരു തിരിച്ചറിവ് കൂടി ഇന്നത്തെ സുവിശേഷം നമുക്ക് നൽകുന്നു. അതിനാൽ ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങളെ ദൈവഹിതമനുസരിച്ച് നിറവേറ്റാൻ പരിശ്രമിക്കാം. അപ്പോൾ അവിടുത്തെ അനുഗമിക്കുവാനും, ഉത്ഥാനത്തിൽ പങ്കുകാരാകുവാനും നമുക്ക് സാധിക്കും. ഈ അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് ബലിയർപ്പണത്തിനായി നമുക്കൊരുങ്ങാം.

## ഒന്നാം വായന

### ജറെമിയാസ് പ്രവാചകന്റെ പുസ്തകത്തിൽനിന്ന് (20 : 7-9)

*(കർത്താവിന്റെ വചനം എനിക്കു സദാപരിഹാസത്തിനു ഹേതുവായിരിക്കുന്നു)*

കർത്താവേ, അങ്ങ് എന്നെ വഞ്ചിച്ചിരിക്കുന്നു; ഞാൻ വഞ്ചിതനായി. അങ്ങ് എന്നേക്കാൾ ശക്തനാണ്. അങ്ങ് വിജയിച്ചിരിക്കുന്നു. ദിവസം മുഴുവൻ ഞാൻ പരിഹാസ പാത്രമായി. എല്ലാവരും എന്നെ അപഹസിക്കുന്നു. വായ് തുറക്കുമ്പോഴൊക്കെ അക്രമം, നാശം എന്നാണു ഞാൻ വിളിച്ചുപറയുന്നത്. കർത്താവിൻെറ വചനം എനിക്ക് ഇടവിടാത്ത നിന്ദനത്തിനും പരിഹാസത്തിനും ഹേതുവായിരിക്കുന്നു. അവിടുത്തെ ഷറ്റി ഞാൻ ചിന്തിക്കുകയില്ല, അവിടുത്തെ നാമത്തിൽ മേലിൽ സംസാരിക്കുകയില്ല എന്നു ഞാൻ പറഞ്ഞു. എന്നാൽ ഹൃദയത്തെ ദഹിപ്പിക്കുന്ന അഗ്നി എൻെറ അസ്ഥികൾക്കുള്ളിൽ അടച്ചിട്ടിരിക്കുന്നതുപോലെ എനിക്കനുഭവപ്പെട്ടു. അതിനെ അടക്കാൻ ശ്രമിച്ചു ഞാൻ തളർന്നു; എനിക്കു സാധിക്കുന്നില്ല.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

### (63 : 1, 2-3, 4-5, 7-8)

### ദൈവമേ, എന്റെ ആത്മാവ് അങ്ങേക്കായി ദാഹിക്കുന്നു

ദൈവമേ, അവിടുന്നാണ് എൻെറ ദൈവം; ഞാന ങ്ങയെ തേടുന്നു. എൻെറ ആത്മാവ് അങ്ങേക്കായി ദാഹിക്കുന്നു. ഉണങ്ങിവരണ്ട ഭൂമിയെന്നപോലെ എൻെറ ശരീരം അങ്ങയെ കാണാതെ തളരുന്നു.

**ദൈവമേ, എന്റെ.......**

അങ്ങയുടെ ശക്തിയും മഹത്വവും ദർശിക്കാൻ ഞാൻ വിശുദ്ധ മന്ദിരത്തിൽ വന്നു. അങ്ങയുടെ കാരുണ്യം ജീവനെക്കാൾ കാമ്യമാണ്; എൻെറ അധരങ്ങൾ അങ്ങയെ സ്തുതിക്കും.

**ദൈവമേ, എന്റെ.......**

എൻെറ ജീവിതകാലം മുഴുവൻ ഞാൻ അങ്ങയെ പുകഴ്ത്തും. ഞാൻ കൈകളുയർത്തി അങ്ങയുടെ നാമം വിളിച്ചപേക്ഷിക്കും. കിടക്കയിൽ ഞാൻ അങ്ങയെ ഓർക്കുകയും രാത്രിയാമങ്ങളിൽ അങ്ങയെക്കുറിച്ചു ധ്യാനിക്കുകയും ചെയ്യുമ്പോൾ എൻെറ അധരങ്ങൾ അങ്ങേക്ക് ആനന്ദഗാനം ആലപിക്കും.

**ദൈവമേ, എന്റെ.......**

അവിടുന്ന് എൻെറ സഹായമാണ്; അങ്ങയുടെ ചിറകിൻകീഴിൽ ഞാൻ ആനന്ദിക്കും. എൻെറ ആത്മാവ് അങ്ങയോട് ഒട്ടിച്ചേർന്നിരിക്കുന്നു; അങ്ങയുടെ വലത്തുകൈ എന്നെ താങ്ങിനിർത്തുന്നു.

**ദൈവമേ, എന്റെ.......**

## രണ്ടാം വായന

### വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽനിന്ന് (12 : 1-2)

*(നിങ്ങളുടെ ശരീരങ്ങളെ ദൈവത്തിനു സജീവബലിയായ് സമർപ്പിക്കുവിൻ)*

സഹോദരരേ, ദൈവത്തിൻെറ കാരുണ്യം അനുസ്മരിച്ചുകൊണ്ട് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു: നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർഥമായ ആരാധന. നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിൻെറ നവീകരണംവഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും, നല്ലതും പ്രീതിജനകവും പരിപൂർണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (cf. Eph. 1 : 17-18) നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം ഏതുതരത്തിലുള്ള പ്രത്യാശയിലേക്കാണ് അവിടുന്ന് നമ്മെ വിളിച്ചിരിക്കുന്നതെന്നറിയാൻ നമ്മുടെ ആന്തരിക നേത്രങ്ങളെ പ്രകാശിപ്പിക്കട്ടെ - അല്ലേലൂയാ!

## സുവിശേഷം

# മത്തായിയുടെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (16 : 21- 27)

*(എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ തന്നെത്തന്നെ പരിത്യജിക്കുക)*

അക്കാലത്ത് യേശു, തനിക്കു ജറുസലെമിലേക്കു പോകേണ്ടിയിരിക്കുന്നുവെന്നും ശ്രേഷ്ഠൻമാരിൽ നിന്നും പ്രധാനപുരോഹിതൻമാരിൽനിന്നും നിയമജ്ഞരിൽനിന്നും വളരെയേറെ സഹിക്കേണ്ടിവരുമെന്നും താൻ വധിക്കപ്പെടുമെന്നും എന്നാൽ മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടുമെന്നും ശിഷ്യൻമാരെ അറിയിച്ചുതുടങ്ങി. പത്രോസ് അവനെ മാറ്റിനിറുത്തി തടസ്സം പറയാൻ തുടങ്ങി: ദൈവം കനിയട്ടെ! കർത്താവേ, ഇതൊരിക്കലും നിനക്കു സംഭവിക്കാതിരിക്കട്ടെ. യേശു തിരിഞ്ഞ് പത്രോസിനോടു പറഞ്ഞു: സാത്താനേ, എൻെറ മുമ്പിൽ നിന്നുപോകൂ, നീ എനിക്കു പ്രതിബന്ധമാണ്. നിൻെറ ചിന്ത ദൈവികമല്ല, മാനുഷികമാണ്.

യേശു ശിഷ്യൻമാരോട് അരുളിച്ചെയ്തു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തൻെറ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ. സ്വന്തം ജീവൻ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും; എന്നാൽ, ആരെങ്കിലും എനിക്കുവേണ്ടി സ്വജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതു കണ്ടെത്തും. ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം? ഒരുവൻ സ്വന്തം ആത്മാവിനുപകരമായി എന്തു കൊടുക്കും? മനുഷ്യപുത്രൻ സ്വപിതാവിൻെറ മഹത്വത്തിൽ തൻെറ ദൂതൻമാരോടൊത്തു വരാനിരിക്കുന്നു. അപ്പോൾ അവൻ ഓരോരുത്തർക്കും താന്താങ്ങളുടെ പ്രവൃത്തിക്കനുസരിച്ചു പ്രതിഫലം നൽകും.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ** : പ്രിയ സഹോദരരെ, നമ്മുടെ പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം നൽകുന്ന സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ നമ്മുടെ പ്രാർത്ഥനകളും, യാചനകളും, നമ്മെ തന്നെയും സമർപ്പിക്കാം.

1. സ്നേഹ പിതാവേ, സാർവ്വത്രിക സഭയുടെ തലവനായ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയ്ക്കു വേണ്ടിയും, ഞങ്ങളുടെ രൂപതയെ നയിക്കുന്ന ................. പിതാവിനും, മറ്റെല്ലാ അഭിഷിക്തർക്കു വേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങ് ഏൽപ്പിച്ചിരിക്കുന്ന അജപാലന ദൗത്യം നിർവ്വഹിക്കാൻ വേണ്ട ആയുരാരോഗ്യങ്ങൾ നൽകി ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. ദൈവമേ, "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തൻെറ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" എന്ന അങ്ങെ പ്രിയ പുത്രന്റെ വാക്കുകൾ ഉൾക്കൊണ്ട് ലൗകിക സുഖങ്ങൾ വെടിയുവാനും, സ്വർഗ്ഗീയ ലക്ഷ്യം മുൻനിർത്തി അനുദിന ജീവിതത്തിലെ ക്ലേശങ്ങളും വേദനകളും സഹിക്കുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. കുടുംബങ്ങളുടെ നാഥനായ ദൈവമേ, എല്ലാ കുടുംബങ്ങളെയും തൃക്കൺ പാർക്കണമെ. ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജമാക്കിയിരിക്കുന്ന കൃപയുടെ ശ്രോതസ്സിലേയ്ക്ക് ഓരോ കുടുംബവും നയിക്കപ്പെടുവാനും, അതുവഴി ഈശോയുടെ ഭൗതിക ശരീരമായ തിരുസഭ വളരുവാനും, അനേകം വിശുദ്ധരെ വളർത്തുവാനും ഇടയാക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. സ്നേഹ താതാ, എല്ലാ യുവജനങ്ങളെയും സമർപ്പിക്കുന്നു. "ഒരുവൻ ലോകം മുഴുവൻ നേടിയാലും, സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം" എന്ന തിരുവചനത്തിന്റെ ശക്തിയാൽ നന്മയും തിന്മയും തിരിച്ചറിഞ്ഞ്, ആവശ്യമുള്ളവ മാത്രം സ്വന്തമാക്കുവാനും, തങ്ങളാൽ കഴിയുന്ന നന്മകൾ ചെയ്തുകൊണ്ട് സ്വർഗ്ഗീയ നിക്ഷേപങ്ങൾ സ്വരൂപിക്കാനും ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. ജീവന്റെയും മരണത്തിന്റെയും അധിനാഥനായ ദൈവമേ, അങ്ങെ പക്കലേക്ക് ആനയിക്കപ്പെട്ട എല്ലാ മരിച്ച വിശ്വാസികൾക്കും ഏറെ പ്രത്യേകമായി പ്രാർത്ഥിക്കുവാൻ ആരുമില്ലാതെ ശുദ്ധീകരണസ്ഥലത്ത് വേദന അനുഭവിക്കുന്ന എല്ലാ ആത്മാക്കൾക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങെ അനന്ത കരുണയാൽ ഇവരുടെ പാപക്കറകളെല്ലാം നീക്കി, സ്വർഗ്ഗീയാനന്ദം പ്രദാനം ചെയ്യുവാൻ ദയ തോന്നണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : ദൈവമേ, ആത്മാവിനെ നഷ്ടപ്പെടുത്താതെ, സ്വർഗ്ഗോന്മുഖരായി ജീവിക്കുവാൻ ഞങ്ങളെ നീ അനുഗ്രഹിക്കണമെ.

ഞങ്ങളുടെ കർത്താവായ ........

തയ്യാറാക്കിയത് : സി. ജോവാന OHFS

## ഗാനങ്ങൾക്ക് (You Tube: Verbum Domini Songs)

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

### പ്രവേശന ഗാനം

സ്വർഗ്ഗവും ഭൂമിയും ഒന്നിച്ചു ചേർക്കുന്ന
അൾത്താര മുന്നിലായ് അണിചേർന്നിടാം (2)
തൊഴുകൈകളർപ്പിച്ചീ തിരുബലിയേകുവാൻ
തിരതല്ലും സ്നേഹമോടണിചേർന്നിടാം (2)
(സ്വർഗ്ഗവും.....)

വാനവദൂതരേ സ്വർഗ്ഗീയവൃന്ദമേ
അൾത്താര ചുറ്റിനും നിരന്നീടണേ
ദൈവിക കൃപയിൽ ജ്വലിക്കുമീയാലയം
സ്വർഗ്ഗ സമാനമായ് തീർക്കേണമേ
ഹൃദയം ദേവാലയംപോൽ ആക്കേണമേ

വിശ്വം മുഴുവൻ ദീപ്തി പരത്തുന്ന
വിശ്വൈക ദായകാ വന്നീടണേ (2)
വിശുദ്ധി തൻ പാതയിൽ മുന്നേറുവാനായ്
ഒരു ബലി കൂടെ ഞാൻ ചേർത്തുവച്ചീടാം (2)
(വാനവദൂതരേ......)

### കാഴ്ചവയ്പ് ഗാനം

സർവ്വം സമർപ്പിക്കുന്നു....
കാഴ്ചയായ് സർവ്വേശ സന്നിധിയിൽ (2)
മാറ്റി വയ്ക്കാതൊന്നും....
പൂർണ്ണമായ് നൽകുന്നു എന്നെയും എൻ സർവ്വവും
(സർവ്വം....)

മോറിയാ മലയിൽ സൂനുവിൻ വിലയായ്
അബ്രഹാമിനർപ്പണം കൈക്കൊണ്ടു നീ (2)
രണ്ടു നാണയത്തിൻ മൂല്യമറിയുവാൻ
വിധവയ്ക്കും നിറമണി നീ ഏകി (2)
(സർവ്വം....)

പാതി കരുതിയ സമ്പാദ്യമെന്നും
ജീവന്നുവിലയായ് തീരുമെന്നോർത്താൽ (2)
ഇന്നു നൽകുവാൻ കൈയ്യിലുള്ളതാം
കാഴ്ചകൾ നിറമനമോട് ഏകീടാം (2) (സർവ്വം....)


### ദിവ്യകാരുണ്യ ഗാനം

മാനുഷാ നീ ലോകമഖിലം നേടിയെന്നാലും
നിൻ ആത്മനാശം വന്നുപോയാൽ എന്തു നേടും
ആത്മാവിനു പകരമായി എന്തു നൽകും നീ,
ഈ ലോകസമ്പത്തൊന്നു ചേർന്നാൽ തികയുമോ വിലയായ്
(മാനുഷാ.......)

ഒരുവനെന്നെ അനുഗമിക്കാൻ അഭിലഷിച്ചിടുകിൽ
തന്നെ പൂർണ്ണമായി സംത്യജിച്ചു ശൂന്യനായിടണം (2)
അനുദിനം തൻ കുരിശെടുത്തതിമോദമോടെ
ഞാൻ നടന്നോരാവഴിയിലെന്നെ പിൻഗമിച്ചിടണം
(മാനുഷാ.......)

ജീവനെ പരിരക്ഷ ചെയ്യാൻ ആഗ്രഹിച്ചിടുകിൽ
അതു നിത്യമായി നഷ്ടമായിടുമെന്നു കരുതിടുവിൻ (2)
എനിക്കായ് തൻ ജീവനൊരുവൻ നഷ്ടമാക്കുകിലോ
അദ്ദു നിത്യമായി നേടുമെന്നും വിശ്വസിച്ചീടാം
(മാനുഷാ.......)

| Sep. | വിശുദ്ധർ | വായനകൾ |
|---|---|---|
| 04 Mon | St. Rosalia | 1 Th 4: 13-18/ Ps 96: 1 and 3. 4-5. 11-12a. 12b-13/ Lk 4: 16-30. |
| 05 Tue | St. Teresa of Kolkata | 1 Th 5: 1-6. 9-11/ Ps 27: 1. 4. 13-14/ Lk 4: 31-37 |
| 06 Wed | St. Eleutherius | Col 1: 1-8/ Ps 52: 10. 11/ Lk 4: 38-44 |
| 07 Thu | St. Cloud | Col 1: 9-14/ Ps 98: 2-3ab. 3cd-4. 5-6/ Lk 5: 1-11 |
| 08 Fri | St. Adrian | Mi 5: 1-4a or Rom 8: 28-30/ Ps 13: 6ab. 6cd/ Mt 1: 1-16. 18-23 |
| 09 Sat | St. Peter Claver | Col 1: 21-23/ Ps 54: 3-4. 6 and 8/ Lk 6: 1-5 |



Sunday **വെർബും ദോമിനി**യുടെ
**പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ**

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor

Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.